**QP CODE**

**C1067**

**Enrollment Number: ……**

**Name: ……**

**B.A DEGREE EXAMINATIONS, AUGUST 2025**
**Sixth Semester**
**B.A. Malayalam Language and Literature**
**B21ML07DC – മലയാളവ്യാകരണം**
**(2022 admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. പതിനാലാം ശതകത്തിൽ എഴുതപ്പെട്ടു എന്നു വിശ്വസിക്കപ്പെടുന്ന മണിപ്രവാള ലക്ഷണഗ്രന്ഥമേത്?
2. സ്വയം ഉച്ചാരണക്ഷമമായ അക്ഷരങ്ങൾക്ക് പറയുന്ന പേരെന്ത്?
3. മലയാളത്തിലെ ശ്വാസികളായ വ്യഞ്ജനങ്ങൾ ഏതെല്ലാം?
4. ഒരർഥത്തെക്കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിനു പറയുന്ന പേരെന്ത്?
5. വിവേചക സർവനാമങ്ങൾക്ക് പറയുന്ന മറ്റൊരു പേര്
6. തനിനാമങ്ങൾക്ക് കേരളപാണിനി നിർദ്ദേശിക്കുന്ന പുല്ലിംഗ പ്രത്യയമേത്?
7. നാമവും ക്രിയയും തമ്മിലുള്ള യോജന എന്താണ്?
8. തണുപ്പ് + ഉണ്ട് = തണുപ്പുണ്ട്. സന്ധിയേത്?
9. ഗുരുദക്ഷിണ - സമാസമേത്?
10. കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയ്ക്കു പറയുന്ന പേരെന്ത്?
11. ഭൂതകാലത്തെക്കുറിക്കുന്ന വിനയെച്ചമേത്?
12. എട്ട് അക്ഷരമുള്ള ഛന്ദസ്സിന് വൃത്തശാസ്ത്രത്തിൽ പറയുന്ന പേരെന്ത്?
13. സർവഗുരുവായി വരുന്ന ഗണമേത്?
14. ഒരു വസ്തുവിന് മറ്റൊന്നിനോട് ചമത്കാരം തോന്നുംവിധം സാദൃശ്യം ചൊല്ലുന്ന അലങ്കാരമേത്?

15. "കീർത്തിശാലി ഭവാൻ തന്നെ
കാന്തിശാലി സുധാശുതാൻ"- ഈ വരികളിലെ അലങ്കാരമേത്?

**(1X10=10)**

## സെക്ഷൻ ബി

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

16. വ്യാകരണപഠനത്തിലെ ആഗമനരീതിയുടെ പ്രത്യേകതകൾ എന്തെല്ലാം?
17. സ്വരസംവരണനയം എന്തെന്ന് വ്യക്തമാക്കുക.
18. വർണ്ണം എന്നാലെന്ത്?
19. സമാസവിഭക്തി എന്നാലെന്ത്?
20. ഇടനില, അംഗം ഇവ എന്തെന്ന് വ്യക്തമാക്കുക.
21. മുറ്റുവിന - കുറിപ്പെഴുതുക.
22. വിനാമക്രിയ എന്താണെന്നു വ്യക്തമാക്കുക.
23. ഇന്ദ്രവജ്രയുടെ ലക്ഷണം ഉദാഹരണസഹിതം വിശദമാക്കുക.
24. തരംഗിണി വൃത്തത്തിന്റെ ലക്ഷണം സോദാഹരണം വിവരിക്കുക.
25. നിദർശന - ലക്ഷ്യ-ലക്ഷണസഹിതം വിവരിക്കുക.

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. ലീലാതിലകം - കുറിപ്പെഴുതുക
27. ദ്വിതീയ ചിഹ്നങ്ങൾ (ഉപലേഖം) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? സ്വരങ്ങളെക്കുറിക്കുന്ന ഉപലേഖങ്ങൾ ഏതൊക്കെയാണ്?
28. അക്ഷരലിപി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
29. മലയാളഭാഷയിൽ പ്രയോഗത്തിലുള്ള സർവനാമങ്ങളെ പരിചയപ്പെടുത്തുക.
30. "നാമാർത്ഥവസ്തുവിന്നുള്ള
പും സ്ത്രീക്ലീബങ്ങൾ ലിംഗമാം

**QP CODE**
**C1067**

ജഡ ജന്തുക്കളും ക്ലീബം
പുംസ്ത്രീഭേദാവിവക്ഷയാൽ"- വിവക്ഷിതമെന്ത്?

31. തദ്ധിതമെന്നാലെന്ത്? വിവരിക്കുക
32. ബഹുവ്രീഹി സമാസത്തിന്റെ മൂന്ന് വിഭാഗങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക
33. സകർമ്മകം - അകർമ്മകം ഇവ എന്തെന്ന് വ്യക്തമാക്കുക
34. വിനയെച്ചമെന്നാലെന്ത്? വിവിധതരം വിനയെച്ചങ്ങളെ ഉദാഹരണസഹിതം വിവരിക്കുക.
35. സംസ്കൃതവൃത്തങ്ങളുടെ സവിശേഷതകൾ സംഗ്രഹിക്കുക
36. അർദ്ധസമവൃത്തം എന്നാലെന്ത്? ഏതെങ്കിലും രണ്ട് അർദ്ധസമവൃത്തങ്ങളെ ഉദാഹരണസഹിതം വിവരിക്കുക
37. അതിശയോക്തി വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും മൂന്ന് അലങ്കാരങ്ങൾ ഉദാഹണസഹിതം വിവരിക്കുക.

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. കൊടുന്തമിഴ് മലയാളമായി പരിണമിച്ചു എന്നതിന് കേരളപാണിനി പറയുന്ന നയങ്ങൾ വിശദീകരിക്കുക.
39. അനുപ്രയോഗം എന്നാലെന്ത്? വ്യത്യസ്ത അനുപ്രയോഗങ്ങളെ പരിചയപ്പെടുത്തുക.
40. വർണങ്ങൾക്കുണ്ടാകുന്ന മാറ്റത്തെ അടിസ്ഥാനമാക്കി സന്ധികളെ എത്രയായി തിരിക്കാം? അവ ഏതെല്ലാം? ഉദാഹരണസഹിതം വിവരിക്കുക.
41. കിളിപ്പാട്ട് വൃത്തങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.

**(10X2=20)**